## പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.798 — 01-03-2017-ൽ മറുപടിയ്ക്ക്

### പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ; എന്നാണ് പ്രസ്തുത വർദ്ധന നിലവിൽ വന്നത് ; | എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. 23/7/2016നാണ് പ്രസ്തുത വർദ്ധനവ് നിലവിൽ വന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| ബി) | പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ അലവൻസ്, ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | ബി) | പ്രീ-മെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പോക്കറ്റ് മണി 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.<br>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - 190/-രൂപ<br>പ്രീ-മെട്രിക് ഹോസ്റ്റൽ - 130/-രൂപ |
| സി) | എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ ഹോസ്റ്റൽ മെസ്സ് ഫീസ് നാലായിരം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടോ ; ഇതുനിമിത്തം വിദ്യാർത്ഥികൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ ? | ബി) | സർക്കാർ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ മെസ്സ് ഫീസ് നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസാനുകൂല്യമായി യഥാർത്ഥ താമസഭക്ഷണ ചെലവ് (ABLC) 3,500/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ്(സാധാ) നം.728/2014/പജപവവിവ തീയതി, 14.05.2014). ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്